LIBRARY ARCHIVES Kerala Legislative Assembly

കെട്ടിക്കിടക്കുന്ന ടൈറ്റാനിയം സ്പോഞ്ച്

245 (612) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ കെ.എം.എം.എല്ലിലെ ഫാക്ടറിയിൽ കെട്ടിക്കിടക്കുന്ന ടൈറ്റാനിയം സ്പോഞ്ചിന്റെ കണക്ക് വിശദമാക്കുമോ ;

(ബി) കോടികൾ വിലമതിക്കുന്ന ടൈറ്റാനിയം സ്പോഞ്ച് കെട്ടിക്കിടക്കുമ്പോഴും ഇൻഡ്യാ ഗവൺമെന്റ് ഇത് ഇറക്കുമതി നടത്തുന്നതായി അറിയുമോ ;

(സി) മുൻ കേന്ദ്ര സർക്കാരും ഇപ്പോഴത്തെ കേന്ദ്ര സർക്കാരും തുടർന്നു വരുന്ന ഈ രംഗത്തെ ഇറക്കുമതി നയം കെ.എം.എം.എല്ലിനെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുന്നുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ചവറ കെ.എം.എം.എൽ.-ന്റെ കൈവശം നിലവിലുള്ള ടൈറ്റാനിയം സ്പോഞ്ചിന്റെ കണക്ക് താഴെ കൊടുക്കുന്നു :

1.	ആകെ ഉല്പാദനം	-	411.359 മെട്രിക് ടൺ
2.	ആകെ വിപണനം	-	78.020 മെട്രിക് ടൺ
3.	നിലവിലുള്ള സ്റ്റോക്ക്	-	333.339 മെട്രിക് ടൺ

(ബി) M/s. MIDHANI, Hyderabad ടൈറ്റാനിയം സ്പോഞ്ച് ഇറക്കുമതി ചെയ്യുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്ന പക്ഷം കെ.എം.എം.എൽ.-ന് അനുകൂലമായ സാഹചര്യം നിലവിൽ വരും.

യെസ് ക്യാൻ 2015

246 (613) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സംരംഭകത്വ സംഗമ (യെസ്)-ത്തിന്റെ രണ്ടാം പതിപ്പായ യെസ് ക്യാൻ 2015 സംഘടിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-മൊത്തം എന്ത് തുക ചെലവഴിച്ചു; ഒന്നാം പതിപ്പിന് ചെലവായ തുക എത്രയായിരുന്നു ;

(ബി) യെസിന്റെയും യെസ് ക്യാൻ 2015-ന്റെയും ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) സംഘടിപ്പിക്കപ്പെട്ട പരിപാടിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയുണ്ടായോ ; എങ്കിൽ ഏത് ഏജൻസി ; വിശദമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ച തുടർ നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) യുവ സംരംഭകത്വ സംഗമം 2014 സംഘടിപ്പിക്കുന്നതിന് നാളിതുവരെ 1,70,07,169 രൂപയും, യെസ് ക്യാൻ 2015-ന്റെ നടത്തിപ്പിനായി 2,20,40,188 രൂപയും വിവിധയിനങ്ങളിൽ ചെലവായിട്ടുണ്ട്.

(ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ടുന്ന സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, മറ്റുള്ളവരുമായി ഏകദേശം 4000-ത്തോളം യുവതീയുവാക്കളാണ് യുവ സംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്. 2014 സെപ്റ്റംബർ 12-ാം തീയതി കൊച്ചിയിൽ വച്ച് നടത്തിയ യുവ സംരംഭക സംഗമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക.
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക.
- യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക.
- കേരളത്തെ യുവ സംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക.
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദി യൊരുക്കുക.

2014-ൽ സംഘടിപ്പിച്ച യുവ സംരംഭകത്വ സംഗമത്തിന്റെ രണ്ടാം പതിപ്പായാണ് യെസ് ക്യാൻ 2015 സംഘടിപ്പിച്ചത്. Colloborating and

LIBRARY ARCHIVES Kerala Legislative Assembly

Networking എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് യെസ് ക്യാൻ 2015 സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും യുവ സംരംഭകരുമടക്കം തെരഞ്ഞെടുക്കപ്പെട്ട 1500-ഓളം പേരാണ് പ്രസ്തുത സംഗമത്തിൽ പങ്കെടുത്തത്. യെസ് ക്യാൻ 2015 സംഘടിപ്പിച്ചതിന്റെ വിവിധ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി യുവസംരംഭകർക്ക് നേരിൽ ആശയവിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുക.
- സംരംഭകത്വ വികസനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഇൻക്യുബേഷൻ സെന്ററിന്റെ ശൃംഖല രൂപീകരിക്കുക.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥി യുവസംരംഭകർക്ക് അവരുടെ ആശയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നിക്ഷേപകർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനും നിക്ഷേപകരുമായി ആശയ വിനിമയം നടത്തുന്നതിനുമുള്ള അവസരം ഒരുക്കുക.

(സി) വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ അനുകൂല സാഹചര്യം സൃഷ്ടിക്കുക, വളരുന്ന വിദ്യാർത്ഥി-യുവജനങ്ങളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽദാതാക്കളായി മാറ്റുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടുകൂടിയാണ് യുവസംരംഭക സംഗമം 2014, യെസ് ക്യാൻ 2015 തുടങ്ങിയവ സംഘടിപ്പിച്ചത്. ഇതിനെത്തുടർന്ന് വിവിധ മേഖലകളിൽ നിന്നുള്ള നൂതന ആശയങ്ങളുമായി നൂറുകണക്കിന് വിദ്യാർത്ഥി യുവസംരംഭകർ സംരംഭകത്വ മേഖലയിലേക്ക് കടന്നുവന്നിട്ടുണ്ട്.

ഇവരുടെ അടിസ്ഥാന ആവശ്യങ്ങളായ ധനസഹായം, മെന്ററിംഗ്, ഇൻകുബേഷൻ സ്പേസ് എന്നിവ ലഭ്യമാക്കുന്നതിനായി കൊച്ചിയിൽ ഒരു സീഡ് ഫണ്ടിംഗ് സ്കീമും കൊച്ചിയിലും സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻകുബേഷൻ സെന്ററുകളും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

സംരംഭകത്വ വികസന മേഖലയിൽ രാജ്യത്തെ തന്നെ പ്രഗത്ഭരായ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ്വർക്കിലെയും മറ്റ് പ്രമുഖ വെഞ്ചർ ക്യാപ്പിറ്റലിസ്റ്റുകളുമായും ലോക പ്രശസ്തമായ സ്റ്റാർട്ടപ് കമ്പനികളുടെ മേധാവികളുമായും വിദ്യാർത്ഥി യുവസംരംഭകർക്ക് ആശയവിനിമയം നടത്തുന്നതിന് യെസ് ക്യാൻ 2015 മുഖേന സാധിച്ചു. യുവ വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധരുടെ മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരവും ഇതുമുഖേന ലഭിച്ച കെ.എസ്.ഐ.ഡി.സി. നടപ്പാക്കിയ യുവസംരംഭകർക്കായുള്ള ഈ രണ്ട് സംഗമങ്ങളും അതിനെത്തുടർന്ന് ആവിഷ്കരിച്ച വിവിധ പദ്ധതികളും മുഖേന കേരളത്തിന്റെ സംരംഭകത്വ അനുകൂല സാഹചര്യങ്ങൾ തിരിച്ചറിയുകയും അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

പ്രസ്തുത പരിപാടിയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നതിന് ഏജൻസികളെ ഒന്നാംതന്നെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) യുവസംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ടുവച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻകുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ്. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

- <u>സാമ്പത്തിക സഹായം</u>

  യുവ സംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യിൽ ഒരു സീഡ് ഫണ്ടിംഗ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി/യുവസംരംഭകരിൽ നിന്നും സമാഹരിച്ച തെരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കിക്കഴിഞ്ഞു. കൂടുതൽ വിദ്യാർത്ഥി / യുവസംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- <u>മെന്ററിംഗ്</u>

  ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി., കെ.ടെ, സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനായി ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് എൻ.ഐ.റ്റി., എറണാകുളം രാജഗിരി ബിസിനസ് സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലാസുകൾ

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിക്കുകയുണ്ടായി. കേരള പോലീസുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

- ഇൻക്യൂബേഷൻ സ്പേസ്/സ്കിൽ ഡെവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യൂബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ എറുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടുകൂടി നിർമ്മിച്ച ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇൻക്യൂബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ, രാജ്യത്തെ തന്നെ സംരംഭകത്വ വികസന രംഗത്ത് പ്രഗത്ഭരായ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ്വർക്കുമായി സഹകരിച്ച് വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ വികസനത്തിനായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ

247 (614) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി -മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് ജനങ്ങളിലുണ്ടായ ആശങ്ക ദൂരീകരിക്കുന്നതിനും സ്ഥലം ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly